ഉത്തരം

(എ)	ചെമ്പ് (സ്ക്രാപ്പ്)	3000 കിലോഗ്രാം
	ഈയം (സ്ക്രാപ്പ്)	150 കിലോഗ്രാം
	നാകം	593.40 കിലോഗ്രാം

(ബി) സൗജന്യമായി മേൽപ്പറഞ്ഞ സാധനങ്ങൾ നൽകിയിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കുറവിലങ്ങാട് 66 കെ.വി. സബ്സ്റ്റേഷൻ

84(300) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ കുറവിലങ്ങാട് കേന്ദ്രമായി 66 കെ.വി. സബ്സ്റ്റേഷൻ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച നടപടി ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(സി) സബ്സ്റ്റേഷന്റെ പണി എന്നത്തേയ്ക്ക് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) ഇതു സംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്തി സബ്സ്റ്റേഷൻ എത്രയും വേഗം പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ കുറവിലങ്ങാട് വില്ലേജിൽ 1.82 ഏക്കർ സ്ഥലം അക്വയർ ചെയ്യുവാൻ അനുമതി നൽകിയിട്ടുണ്ട്. സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. സ്ഥലം അക്വയർ ചെയ്താലുടൻ സബ്സ്റ്റേഷന്റെ പണികൾ ആരംഭിക്കുന്നതാണ്.

തിരൂരങ്ങാടിയിലെ വോൾട്ടേജ് ക്ഷാമം

85(301) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചുഎന്ന് വ്യക്തമാക്കാമോ ;

(ബി) തിരൂരങ്ങാടി വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കുന്ന കക്കാട് 33 കെ.വി. സബ് സ്റ്റേഷന്റെ നിർമ്മാണ നടപടി ഏത് ഘട്ടത്തിലെത്തിയെന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിന്റെ നിർമ്മാണം എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) പരപ്പനങ്ങാടി, ചേളാരി എന്നീ സബ് സ്റ്റേഷനുകളുടെ നിർമ്മാണ പുരോഗതി എത്രത്തോളമായിയെന്ന് വെളിപ്പെടുത്തുമോ ; ചേളാരി സബ്സ്റ്റേഷൻ എന്ന് കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. തിരൂരിലെ സബ്സ്റ്റേഷൻ 110 കെ.വി. ആക്കി ഉയർത്തി.

2. എടരിക്കോട് സബ്സ്റ്റേഷൻ 110 കെ.വി. ആക്കി ഉയർത്തുന്നതിനുള്ള പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു.

3. ചേളാരിയിൽ ഒരു 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്ന പണി പൂർത്തിയായി. ഒരു മാസത്തിനകം കമ്മീഷൻ ചെയ്യുവാൻ സാധിക്കും.

4. തിരൂരങ്ങാടിയിലേയ്ക്ക് എടരിക്കോടിൽ നിന്നും 9 കിലോ മീറ്റർ നീളത്തിൽ ഒരു പുതിയ ഡ്യൂപ്ലിക്കേറ്റ് 11 കെ.വി ലൈനിന്റെ പ്രവൃത്തി പുരോഗമിച്ചു വരുന്നു. കക്കാട് വരെയുള്ള 7 കിലോ മീറ്റർ നീളത്തിൽ പണി പൂർത്തിയായി കഴിഞ്ഞു. ഇത്രയും ഭാഗം പി.റ്റി.ഡി.സി. ക്ലിയറൻസ് കിട്ടിയാൽ ഉടൻ തന്നെ ചാർജ് ചെയ്യുന്നതാണ്. അൻപാടി 1000 കെ.വി.എ.ലോഡ് പുതിയ ലൈനിലേക്ക് മാറ്റാൻ കഴിയുന്നതാണ്.

5. ചുള്ളിക്കുന്ന്, എരിക്കുളം, കടുവാളൂർ, നന്നംപ്ര എന്നീ സ്ഥലങ്ങളിൽ പുതുതായി ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു.

6. അൽ-അമീൻ നഗർ വോൾട്ടേജ് ഇംപ്രൂവ്മെന്റ് 1 കിലോമീറ്റർ നീളത്തിൽ 11 കെ.വി.ലൈൻ പുതുതായി വലിച്ച് 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിച്ചു.

7. തിരൂരങ്ങാടി പഞ്ചായത്തിൽ സൗത്ത് സി.കെ.നഗറിൽ 300 മീറ്റർ 11 കെ.വി.ലൈൻ വലിച്ച് 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിച്ചു.

8. ചെമ്മാട് ടൗണിൽ കോഴിക്കോട് റോഡിൽ 500 മീറ്റർ 11 കെ.വി.ലൈൻ വലിച്ച് 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിച്ചു.

9. ചെമ്മാട്, കിസാൻ കേന്ദ്രത്തിൽ പുതിയ 100 കെ.വി.എ. ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിച്ചു.

10. കരിപറമ്പ്, പന്താരങ്ങാടി ഭാഗങ്ങളിലെ 100 കെ.വി.എ. ട്രാൻസ്ഫോർമറുകൾ മാറ്റി പുതിയ 160 കെ.വി.എ. ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

11. താഴെ ചെന, തിരൂരങ്ങാടി- കെ.സി. ലിംഗ് റോഡ് എന്നിവിടങ്ങളിലെ ട്രാൻസ്ഫോർമറുകൾ വെയ്ക്കുന്ന ജോലി പുരോഗമിച്ചു വരുന്നു.

12. കാശി റോഡിലെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് ജോലികൾ പുരോഗമിച്ചു വരുന്നു. എ.ആർ. പഞ്ചായത്തിലെ കുറ്റൂർ നോർത്ത് ഏരിയായിൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ചു. കൂടാതെ സിംഗിൾ ഫേസ് ലൈൻ ത്രീഫേസ് ലൈനായി മാറ്റിയിട്ടുണ്ട്.

13. കൊടുവായൂർ 300 മീറ്റർ 11 കെ.വി.ലൈൻ വലിച്ച് 100 കെ.വി.എ. പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ചു. കൂടാതെ പുതിയ 5 വോൾട്ടേജ് ഇംപ്രവുമെന്റ് വർക്കുകൾ പുരോഗമിച്ചു വരുന്നു.

(ബി&സി) കക്കാട് ഒരു 33 കെ.വി. സബ് സ്റ്റേഷൻ ആർ.ഇ.സി.യുടെ സഹായത്തോടെ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശത്തിൻമേൽ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പരപ്പനങ്ങാടി സബ് സ്റ്റേഷന്റെ സൈറ്റിൽ എർത്ത്ഫില്ലിംഗ് ജോലി നടന്നുകൊണ്ടിരിക്കുന്നു. ലൈൻ നിർമ്മാണ പ്രവർത്തികൾക്ക് പൊതുജനങ്ങളിൽ നിന്നും തടസ്സം ഉണ്ടായിട്ടുണ്ട്. തടസ്സം നീക്കികിട്ടാൻ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിന് അപേക്ഷ നൽകിയിട്ടുണ്ട്. ചേളാരി സബ് സ്റ്റേഷന്റെ പണി മാർച്ച് അവസാനത്തോടെ പൂർത്തിയാകും. ലൈൻ നിർമ്മാണം സംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലിരിക്കുന്ന കേസിൽ അന്തിമ വിധി ലഭിക്കേണ്ടതുണ്ട്.

കൊടുങ്ങല്ലൂരിലെ 66 കെ.വി. സബ് സ്റ്റേഷൻ

86(302) പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂരിലെ 66 കെ.വി. സ്റ്റേഷൻ 110 കെ.വി. സ്റ്റേഷൻ ആക്കണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഈ നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത സ്റ്റേഷൻ 110 കെ.വി. സ്റ്റേഷൻ ആക്കുന്നതിന് അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) 2002-ൽ ആരംഭിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള കൊടകര-ഇരിങ്ങാലക്കുട- കൊടുങ്ങല്ലൂർ 110 കെ.വി. ലൈനിന്റെ നിർമ്മാണം പൂർത്തിയായ ശേഷം കൊടുങ്ങല്ലൂർ സബ് സ്റ്റേഷന്റെ ശേഷി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly